കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂലൈ 26

കാസർകോട് വ്യാഴം

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## നിയമസഭാ സമിതി സിറ്റിംഗ് ആഗസ്റ്റ് 16ന്

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ആഗസ്റ്റ് 16 ന് രാവിലെ 10.30 മുതൽ കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിംഗ് നടത്തും. ജില്ലയിലെ പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിയുടെ പരിഗണയിലുള്ള നിവേദനങ്ങളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും തെളിവുകൾ നടത്തും. കൂടാതെ പരിസ്ഥിതി പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും നിവേദനങ്ങൾ സ്വീകരിക്കും. തുടർന്ന് സമിതി അംഗങ്ങൾ കാഞ്ഞങ്ങാട്, നീലേശ്വരം, തൃക്കരിപ്പൂർ എന്നിവിടങ്ങൾ സന്ദർശിക്കും.

## ഹയർസെക്കൻഡറി തുല്യത: ആദ്യ ബാച്ചിൽ

## ജില്ലയ്ക്ക് മികച്ച വിജയം

സംസ്ഥാന സാക്ഷരതാ മിഷൻ ആദ്യമായി നടത്തിയ ഹയർസെക്കൻഡറി തുല്യത പരീക്ഷയിൽ ജില്ലയിൽ 409 പേർ മികച്ച വിജയം നേടി. പരീക്ഷ എഴുതിയ 463 പേരിൽ നിന്നാണ് ഇത്രയും പേർ വിജയിച്ചത്. വിജയശതമാനം 88.3.

ഹോസ്ദുർഗ് ഹയർസെക്കൻഡറി സ്കൂൾ 86, കാസർകോട് ഗവ. ഹയർസെക്കൻഡറി സ്കൂൾ 34, രാജപുരം ഹോളിഫാമിലി ഹയർസെക്കൻഡറി സ്കൂൾ 38, ചെർക്കള ഗവ. ഹയർസെക്കൻഡറി സ്കൂൾ 32, ജിഎച്ച്എച്ച്എസ്എസ് തൃക്കരിപ്പൂർ 35, രാംനഗർ ഹയർസെക്കൻഡറി സ്കൂൾ 40, കുട്ടമത്ത് ഹയർസെക്കൻഡറി സ്കൂൾ 39, ബി.എ.ആർ.എച്ച്എസ്എസ് ബോവിക്കാനം 44, നീലേശ്വരം രാജാസ് ഹയർസെക്കൻഡറി സ്കൂൾ 35, പരപ്പ ഗവ.ഹയർസെക്കൻഡറി സ്കൂൾ 26 എന്നിവങ്ങനെയാണ് വിജയിച്ച പഠിതാക്കളുടെ എണ്ണം. വിജയികൾക്ക് ഉന്നത പഠനത്തിന് അവസരമു്. ഇന്ദിരാ ഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 31വരെ രജിസ്റ്റർ ചെയ്യാം. ഈ വർഷം കന്നഡ ഭാഷയിലും ഹയർസെക്കൻഡറി തുല്യത ആരംഭിക്കും..

## രജിസ്ട്രേഷൻ ആരംഭിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാന സാക്ഷരതാ മിഷനും സംയുക്തമായി നടത്തുന്ന പത്താംതരം, ഹയർസെക്കൻഡറി(മലയാളം, കന്നഡ മീഡിയം) രജിസ്ട്രേഷൻ ആരംഭിച്ചു. പത്താം ക്ലാസ് രജിസ്ട്രേഷന് ഏഴാം ക്ലാസ് പാസായവർക്കും എട്ട്, ഒൻപത്, 10 ക്ലാസ് പരാജയപ്പെട്ടവർക്കും അപേക്ഷിക്കാം. ഹയർസെക്കൻഡറി രജിസ്ട്രേഷന് പത്താം ക്ലാസ് പാസായിരിക്കണം. 22 വയസ് പൂർത്തിയായിരിക്കണം. അവസാന തീയതി ആഗസ്റ്റ് ഒന്ന്. താൽപര്യമുള്ളവർ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരകുമായി ബന്ധപ്പെടുക.

(തുടരും)

• പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാന സാക്ഷരതാ മിഷനും സംയുക്തമായി നടത്തുന്ന പത്താം തരം, പ്ലസ് വൺ ഹയർസെക്കൻഡറി തുല്യത രജിസ്ട്രേഷൻ ആരംഭിച്ചു. അവസാന തീയതി ആഗസ്ത് 10. താല്പര്യമുള്ളവർ മധൂർ ഗ്രാമപഞ്ചായത്തുമായോ, മായിപ്പാടി തുടർ വിദ്യാഭ്യാസ കേന്ദ്രവുമായോ ബന്ധപ്പെടുക. ഫോൺ:9400576612.

• പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാന സാക്ഷരതാ മിഷനും സംയുക്തമായി നടത്തുന്ന പത്താംതരം, പ്ലസ് വൺ ഹയർസെക്കൻഡറി (കന്നട, മലയാളം) രജിസ്ട്രേഷൻ ആരംഭിച്ചു. അവസാന തീയതി ആഗസ്ത് 10. താല്പര്യമുള്ളവർ ചെങ്കള ഗ്രാമപഞ്ചായത്തിലോ, ബാലടുക്ക തുടർ വിദ്യാഭ്യാസ കേന്ദ്രമായോ ബന്ധപ്പെടുക. ഫോൺ: 9645376951

• പൊതുവിദ്യാഭ്യാസ വകുപ്പും സംസ്ഥാന സാക്ഷരതാ മിഷനും സംയുക്തമായി നടത്തുന്ന പത്താംതരം, പ്ലസ് വൺ ഹയർസെക്കൻഡറി (കന്നട, മലയാളം) രജിസ്ട്രേഷൻ ആരംഭിച്ചു. അവസാന തീയതി ആഗസ്ത് 10. താല്പര്യമുള്ളവർ ചെങ്കള ഗ്രാമപഞ്ചായത്തിലോ, ബേർക്ക് തുടർ വിദ്യാഭ്യാസ കേന്ദ്രത്തിലോ ബന്ധപ്പെടുക. ഫോൺ: 9961811224

## പള്ളിക്കര പഞ്ചായത്തിൽ ഹരിത കർമ്മസേന ഉദ്ഘാടനം

പള്ളിക്കര പഞ്ചായത്തിൽ ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ഹരിത കർമ്മസേനയുടെ ഉദ്ഘാടനം കെ.കുഞ്ഞിരാമൻ എംഎൽഎ നിർവഹിച്ചു. പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രാം ഗഡു വിതരണം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ഗൗരിയും നിർവഹിച്ചു. പള്ളിക്കര പഞ്ചായത്തിലെ 22 വാർഡുകളിലും രുവീതം സേനാംഗങ്ങളെ നിയമിച്ച് വീടുകളിൽച്ചെന്ന് പ്ലാസ്റ്റിക് ശേഖരിച്ച് വെളുത്തോളിയിലെ മാലിന്യ സംസ്ക്കരണ പ്ലാന്റിൽ എത്തിക്കുന്ന പ്രവർത്തനത്തിനാണ് ഹരിതസേന തുടക്കംകുറിച്ചത്. പള്ളിക്കരയെ പ്ലാസ്റ്റിക വിമുക്തമാക്കുക എന്നതാണ് സേനയുടെ ലക്ഷ്യം. ലൈഫ് ഭവന പദ്ധതിയുടെ രാം ഘട്ടത്തിൽ പഞ്ചായത്തിൽ 121 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു. യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര പി അധ്യക്ഷതവഹിച്ചു.

## ജവഹർ നവോദയ വിദ്യാലയ ആറാം ക്ലാസ്

## പ്രൊവിഷണൽ പ്രവേശന ഫലം

പെരിയ ജവഹർ നവോദയ വിദ്യാലയത്തിൽ 2018-19 അധ്യയന വർഷത്തിലേക്ക് 21.04.2018 ന് ആറാം ക്ലാസിലേക്ക് നടന്ന പ്രവേശന പരീക്ഷയുടെ പ്രൊവിഷണൽ ഫലം പ്രസിദ്ധീകരിച്ചു. പ്രൊവിഷണൽ ലിസ്റ്റിൽ വന്ന കുട്ടികളും രക്ഷിതാക്കളും ഇന്ന്(27) രാവിലെ 11ന് ജവഹർ നവോദയ വിദ്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ച്ചയ്ക്ക് ശേഷം അഡ്മിഷൻ ഫോർമാറ്റ് കൈപ്പറ്റണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

## വാഹന ലേലം

റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി ചെയ്ത കെ.എൽ 14 എഫ്-3781 നമ്പർ മോട്ടോർ സൈക്കിൾ (യമഹ-ലിബറോ-ബ്ലാക്ക്) ഈ മാസം 28 ന് രാവിലെ 11 മണിക്ക് കൊടക്കാട് വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾ ഹോസ്ദുർഗ് താലൂക്ക് ഓഫീസിൽ നിന്നും കൊടക്കാട് വില്ലേജ് ഓഫീസിൽ നിന്നും അറിയാം.

## കൺസിലിയേഷൻ ഓഫിസർ ഒഴിവ്

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും നിയമം 2007 പ്രകാരം സ്ഥാപിതമായ ജില്ലയിലെ മെയ്ന്റനൻസ് ട്രൈബ്യൂണലുകളിലേക്ക് കൺസിലീയേഷൻ ഓഫീസർമാരെ ആവശ്യമു്. പ്രസ്തുത വിഷയത്തിൽ നിയമ പരിജ്ഞാനമുള്ള സാമൂഹ്യമേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനു വേി പ്രവർത്തിക്കുന്ന വിവിധ സംഘടന ഭാരവാഹികളായവരിൽ നിന്നും സൗജന്യ സേവനാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ അപേക്ഷ ക്ഷണിച്ചു. ഇപ്പോൾ കൺസിലീയേഷൻ ഓഫീസർമാരായി പ്രവർത്തിക്കുന്നവരും മുമ്പ് അപേക്ഷ സമർപ്പിച്ചവരും പുതിയ അപേക്ഷകരും അതാത് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ആഗസ്റ്റ് 18 നകം അപേക്ഷ സമർപ്പിക്കണം.

(തുടരും)

## ഐ.ടി.ഐ പ്രവേശനം

സീതാംഗോളി ഗവ. ഐ.ടി.ഐ യിൽ ഈ വർഷത്തെ എസ്.സി.വി.ടി , വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം നീട്ടി. ഒരു വർഷ കോഴ്സായ വെൽഡർ ട്രേഡിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി നാളെ(ഈ മാസം 28). അപേക്ഷാഫോറം ബാഡൂരിലുള്ള ഐ.ടി.ഐ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0499-8245099

## ടെ ർ ക്ഷ ണിച്ചു

കാസർകോട് പോസ്റ്റ് ഓഫീസ് സുപ്രിന്റെ ഓഫീസിലേക്ക് തപാലുകൾ കൊുപോകുന്നതിന് 2018-19, 2019-20 വർഷത്തേക്ക് വാഹനങ്ങൾ നൽകാൻ തയ്യാറുള്ളവരിൽ നിന്ന് ഓൺലൈൻ ടെറുകൾ ക്ഷ ണിച്ചു. കരാർ കലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുവാനും സാധ്യതയു്. ആഗസ്റ്റ് 20നകം ടെറുകൾ സമർപ്പിച്ചിരിക്കണം. ഫോൺ:04994 230885, 230746.

## പാലുല്പന്ന നിർമ്മാണ പരിശീലനം

കോഴിക്കോട് ബേപ്പൂർ നടുവട്ടത്തുള്ള ക്ഷീര വികസന വകുപ്പിന്റെ പരിശീലന കേന്ദ്രത്തിൽ കാസർ കോട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലുള്ള സംരംഭകർക്കും ക്ഷീരസംഘങ്ങൾക്കും ക്ഷീര കർഷകർക്കും വേി പത്തു ദിവസത്തെ പാലുല്പന്ന നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഈ മാസം 30 മുതൽ ആഗസ്റ്റ് ഒൻപതു വരെയാണ് പരിശീലനം. വിവിധ പാലുല്പന്നങ്ങളായ പാൽപേഡ, ബർഫി, മിൽക്ക് ചോക്ലേറ്റ്, പനീർ, തൈര്, ഐസ്ക്രീം, ഗുലാബ് ജാമുൻ തുടങ്ങി ഇരുപത്തഞ്ചോളം നാടൻ പാലുല്പങ്ങളുടെ നിർമ്മാണം പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടു്. താൽപര്യമുള്ളവർ 30ന് രാവിലെ 10നകം ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പു സഹിതം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ എത്തണം. പരിശീലനാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി 125രൂപ അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 0495 2414579 എന്ന നമ്പറിലോ ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന സർവീസ് യൂണിറ്റുമായോ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

## ശക്തമായ കാറ്റിന് സാധ്യത

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ പടിഞ്ഞാറുനിന്നും മണിക്കൂറിൽ 35-45 കിലോമീറ്റർ വേഗതയിലും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വേഗതയിലും കാറ്റടിക്കുവാൻ സാധ്യതയു്. അറബി കടലിന്റെ മധ്യഭാഗം, തെക്ക് പടിഞ്ഞാറ്, വടക്ക് എന്നിവടങ്ങളിൽ കടൽ ക്ഷോഭത്തിന് സാധ്യതയു്. ഈ ഭാഗത്ത് മത്സ്യബന്ധത്തിന് പോകരുതെന്ന് കാലാവസ്ഥ വിഭാഗം മുന്നറിയിപ്പ് നൽകി.

## അനർഹർ 31-നകം റേഷൻ കാർഡ് മാറ്റണം

മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസിനു കീഴിലുള്ള റേഷൻ കാർഡ് ഉടമകളിൽ നിലയിൽ മുൻഗണനാ കാർഡുകൾ കൈവശംവച്ചിരിക്കുന്നവരിൽ അനർഹാരായവർ ജൂലൈ 31- നു മുൻപായി മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസിൽ നേരിട്ട് ഹാജരായി കാർഡ് മാറ്റണമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. നി യ മ നടപടികൾ ഒഴിവാക്കാനുള്ള അവസാന അവസരം ആയിരിക്കും ഇതെന്നും ഫീൽഡ് പരിശോധനകളിൽ അനർഹരെ കത്തെി കഴിഞ്ഞാൽ കർശന നടപടികൾ സ്വീകരിക്കുമെന്നു സപ്ലൈ ഓഫീസർ വ്യക്തമാക്കി. മുൻഗണനാ കാർഡുകൾ കൈവശംവച്ചിരിക്കുന്ന സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, സർവീസ് പെൻഷൻക്കാർ, ഒരു ഏക്കറിൽ കൂടുതൽ സ്ഥലം ഉള്ളവർ, 1000 ചതുരശ്രയടിക്ക് മുകളിൽ വലിപ്പമുള്ള വീടുള്ളവർ, നാലു ചക്ര വാഹനമുള്ളവർ, 25000-ന് മുകളിൽ മാസ വരുമാനം ഉള്ളവർ- ഇതിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടവരാണ് കാർഡ് മാറ്റേത്.

## സാധ്യത പട്ടിക പ്രസിദ്ധീകരിച്ചു

പിഎസ്സി നടത്തിയ ലോവർ ഡിവിഷൻ ക്ലർക്ക്, വില്ലേജ് അസിസ്റ്റന്റ്(ഭിന്നശേഷിക്കാർക്കായുള്ള പ്ര ത്യേക റിക്രൂട്ട്മെന്റ്, കാറ്റഗറി നമ്പർ 413/2016) തസ്തികയുടെ സാധ്യത ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ലഭിക്കും.

(തുടരും)

## കലക്ടറേറ്റില്‍ ഓര്‍മ്മ മരം നട്ടു

അനാഥരില്ലാത്ത ഭാരതം ജില്ലാ സമിതിയുടെ ആഭിമുഖ്യത്തില്‍ സ്വാതന്ത്ര്യ സമരസേനാനി കെ.ഇ.മാമ്മ ന്റെ സ്മരണാര്‍ത്ഥം കലക്ടറേറ്റ് പരിസരത്ത് ഓര്‍മ്മ മരമായി വരിക്ക പ്ലാവ് എ.ഡി.എം:എന്‍.ദേവീദാസ് നട്ടു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു ലക്ഷം വരിക്ക പ്ലാവ് നടുന്ന പദ്ധതിയാണിത്. കാര്‍ഗില്‍ വിജയോത്സവ ത്തിന്റെ ഭാഗമായി മാവിന്‍ തൈ സ്വാതന്ത്ര്യ സമര സേനാനി ക്യാപ്റ്റന്‍ കെ.എം.കെ.നമ്പ്യാര്‍ നട്ടു. ഡോ.ടി.എം. സുരേന്ദ്രനാഥിന്റെ അദ്ധ്യക്ഷതയില്‍ ചേര്‍ന്ന യോഗത്തില്‍ സാമൂഹ്യപ്രവര്‍ത്തകനായ ഉസ്മാന്‍ കടവത്ത്, ബി. എം.ഹമീദ് ബദിയഡുക്ക എന്നിവര്‍ സംസാരിച്ചു. മധു മണിയാട്ട് സ്വാഗതവും മീഷാല്‍ റഹ്മാന്‍ നന്ദിയും പറ ഞ്ഞു.

## ടെര്‍ ക്ഷ ണിച്ചു

ജില്ലാ പദ്ധതിരേഖയുടെ രു വോള്യങ്ങള്‍ (ഭാഗം 1 & 2) 200 കോപ്പികള്‍ വീതം പ്രിന്റ് ചെയ്യുന്നതിനാ യി സര്‍ക്കാര്‍,അര്‍ദ്ധ സര്‍ക്കാര്‍, സഹകരണ പ്രിന്റിംഗ് പ്രസുകളില്‍ നിന്നും ടെര്‍ ക്ഷണിച്ചു. വിശദ വിവര ങ്ങളും ടെര്‍ ഫോറവും ജില്ലാ പ്ലാനിംഗ് ഓഫിസില്‍ നിന്നും ആഗസ്ത് രിന് വൈകുന്നേരം മൂന്നുവരെ ലഭി ക്കും. ആഗസ്ത് മൂന്നിന് 11 മണിവരെ ടെര്‍സ്വീകരിക്കും. ഫോണ്‍: 04994-255313.

## പാര്‍ട്ട് ടൈം ക ീജന്റ് വര്‍ക്കര്‍മാരുടെ

## കോമണ്‍ സീനിയോറിട്ടി ലിസ്റ്റ്

കാസര്‍കോട് ജില്ലയില്‍ ജില്ലാതലത്തില്‍ തയ്യാറാക്കുന്ന 1-1-2014 മുതല്‍ 31-12-2016 വരെയുള്ള പാര്‍ട്ട് ടൈം ക ീജന്റ് വര്‍ക്കര്‍മാരുടെ കോമണ്‍ സീനിയോറിട്ടി ലിസ്റ്റ് 20-07-2018 ന് പ്രസിദ്ധീകരിച്ചു. സമമൈഴീറ.ഴീ.ശി, ഴഉലമസ.ഴീ.ശി എന്നീ വെബ്സൈറ്റുകളില്‍ ഈ സീനിയോറിട്ടി ലിസ്റ്റ് പരിശോധനയ്ക്കായി ലഭിക്കും. ഈ താല്‍ക്കാലിക സീനിയോറിട്ടി ലിസ്റ്റിനെക്കുറിച്ച് അക്ഷേപങ്ങളോ അവകാശവാദങ്ങളോ ഉള്ളവര്‍ ബന്ധപ്പെട്ട രേ ഖകളുടെ സാക്ഷ്യപ്പെടുത്തിയ പകര്‍പ്പുകള്‍ സഹിതം ആഗസ്റ്റ് 11നകം ബന്ധപ്പെട്ട ഓഫീസ് മേധാവികള്‍ക്ക് സ മര്‍പ്പിക്കണം. ഇത്തരം പരാതികള്‍ ഓഫീസ് മേധാവികള്‍ ജീവനക്കാരുടെ സേവന പുസ്തകത്തിന്റെയും ബന്ധ പ്പെട്ട രേഖകളുടെയും അടിസ്ഥാനത്തില്‍ പരിശോധിച്ച് വ്യക്തമായ റിപ്പോര്‍ട്ട് ആഗസ്റ്റ് 13നകം ജില്ലാ കളക്ടര്‍ക്ക് നല്‍കണം.

## സ്കോളര്‍ഷിപ്പിനും ക്യാഷ് അവാര്‍ഡിനും അപേക്ഷ ക്ഷണിച്ചു

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയില്‍ അംഗങ്ങളായ തൊഴിലാളികളുടെ മക്കള്‍ക്ക് 2018-19 അധ്യയന വര്‍ഷത്തേക്ക് സ്കോളര്‍ഷിപ്പ് നല്‍കുന്നതിന് അപേക്ഷ ക്ഷണിച്ചു. സര്‍ക്കാര്‍ സ്ഥാപനങ്ങളിലോ, 8-ാം ക്ലാസ് മുതല്‍ മുകളിലേക്കുള്ള കോഴ്സുകളില്‍ പഠിക്കുന്ന വിദ്യാര്‍ത്ഥികളാണ് സ്കോളര്‍ഷിപ്പിന് അര്‍ഹ രായിട്ടുള്ളത്. നിര്‍ദ്ദിഷ്ട അപേക്ഷയോടൊപ്പം യോഗ്യത പരിക്ഷീയുടെ മാര്‍ക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകര്‍പ്പും 2018-19 അധ്യയന വര്‍ഷം ഏത് ക്ലാസില്‍ പഠിച്ചുകൊിരിക്കുന്നു എന്ന് തെളിയിക്കുന്നതിനുള്ള പഠി ക്കുന്ന സ്ഥാപനത്തിന്റെ മേലാധികാരിയില്‍ നിന്നും ലഭിക്കുന്ന കോഴ്സ് സര്‍ട്ടിഫിക്കറ്റും സ്ഥാപനം ഗവണ്‍മെന്റ് അംഗീകാരം ഉള്ളതാണെന്ന് തെളിയിക്കുന്ന രേഖകളും ഹാജരാക്കണം.

ജില്ലാ ഓഫീസില്‍ ആഗസ്റ്റ് 16 മുതല്‍ സെപ്തംബര്‍ 30 വരെ അപേക്ഷ സ്വീകരിക്കും. അപേക്ഷ ഫോറ ത്തിന്റെ മാതൃകയും വിശദവിവരങ്ങളും കാഞ്ഞങ്ങാടുള്ള കേരള കള്ള് വ്യവസായ തൊഴിലാലി ക്ഷേമനിധി ബോര്‍ഡിന്റെ ജില്ലാ ഓഫീസില്‍ നിന്നും ലഭിക്കും.

## ലേലം

ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള സായുധ സേനാ ക്യാമ്പില്‍ സൂക്ഷിച്ചിരിക്കുന്ന ഡി പ്പാര്‍ട്ട്മെന്റിന് ഉപയോഗമില്ലാത്തതുമായ സ്പെയര്‍ പാര്‍ട്സുകളും വെയിസ്റ്റ് ഓയിലും ടയറുകളും സെപ്തം ബര്‍ 25ന് രാവിലെ 11ന് ക്യാമ്പില്‍ ലേലം ചെയ്യും. ഫോണ്‍: 04994 230088

(തുടരും)

# താലൂക്ക് വികസന സമിതിയോഗം

കാസർകോട് താലൂക്ക് വികസന സമിതിയോഗം ആഗസ്റ്റ് നാലിന് രാവിലെ 10.30ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

# പ്രവാസി പുനരധിവാസ വായ്പാ പദ്ധതി; അപേക്ഷ ക്ഷണിച്ചു

ഒ.ബ.സി., മതന്യൂനക്ഷ വിഭാഗത്തിൽപ്പെട്ടവരും ചുരുങ്ങിയത് രു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം മടങ്ങിയയെത്തിയവരുമായ പ്രവാസികളിൽ നിന്നും കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ റീ-ടേൺ പദ്ധതി പ്രകാരം വായ്പാ അപേക്ഷ ക്ഷണിച്ചു.

ഈ പദ്ധതി പ്രകാരം ഡയറി ഫാം, പൗൾട്രി ഫാം, പുഷ്പ കൃഷി, ക്ഷീരോത്പാദനം, സംയോജിത കൃഷി, തേനീച്ച വളർത്തൽ, പച്ചക്കറി കൃഷി, അക്വാകൾച്ചർ, ബേക്കറി, സാനിറ്ററി ഷോപ്പ്, ഹാർഡ്‌വെയർ ഷോപ്പ്, ഫർണ്ണിച്ചർ ഷോപ്പ്, റസ്റ്റോറന്റ്, ബ്യൂട്ടി പാർലർ, ഹോളോബ്രിക്സ് യൂണിറ്റ്, പ്രൊവിഷൻ സ്റ്റോർ, ഡ്രൈവിംഗ് സ്കൂൾ, ഫിറ്റ്നെസ് സെന്റർ, സൂപ്പർ മാർക്കറ്റ്, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്, ഫ്ളോർ മിൽ, ഡ്രൈക്ളീനിംഗ് സെന്റർ, ഫോട്ടോസ്റ്റാറ്റ്-ഡി.ടി.പി. സെന്റർ, മൊബൈൽ ഷോപ്പ്, ഫാൻസി-സ്റ്റേഷനറി സ്റ്റോൾ, മിൽമാ ബൂത്ത്, പഴം. പച്ചക്കറി വില്പനശാല, ഐസ്ക്രീം പാർലർ, മീറ്റ് സ്റ്റാൾ, ബുക്ക് സ്റ്റാൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും സ്വയംതൊഴിലിൽ കത്തെുന്നതിന് വേി ഓട്ടോറിക്ഷ, ടാക്സി,പിക്കപ്പ് വാഹനം വാങ്ങുന്നതിനും വായ്പ ലഭിക്കും. ആറു മുതൽ 7 ശതമാനംവരെ പലിശ നിരക്കിൽ പരമാവധി 20 ലക്ഷം രൂപ വരെ ഈ പദ്ധതി പ്രകാരം വായ്പയായി അനുവദിക്കും. തിരിച്ചടവ് കാലാവധി 84 മാസം വരെ. പ്രായപരിധി 65 വയസ്. പദ്ധതി അടങ്കലിന്റെ 95 ശതമാനംവരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കത്തെണം. വായ്പ അനുവദിക്കുന്നതിന് മതിയായ ജാമ്യം ഹാജരാക്കണം.

പ്രവാസികൾക്കുവേി ആവിഷ്കരിച്ചിട്ടുള്ളതിൽ ഏറ്റവും ആകർഷകമായ വായ്പ പദ്ധതിയാണിത്. പദ്ധതി പ്രകാരം വായ്പ എടുക്കുവർക്ക് പദ്ധതി അടങ്കലിന്റെ 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3 ശതമാനം പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും. ഇതിനുപുറമേ വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്താത്തവർക്ക് ആകെ തിരിച്ചടയ്ക്കുന്ന പലിശയുടെ 5 ശതമാനം ഗ്രീൻകാർഡ് ആനുകൂല്യമായി കോർപ്പറേഷൻ അനുവദിക്കും. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതു വഴി പലിശ സഹിതമുള്ള തിരിച്ചടവ് വായ്പ തുകയേക്കാൾ കുറവാണെന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്. നോർക്കാ റൂട്ട്സ് ശുപാർശ ചെയ്യുന്ന പ്രവാസികൾക്കാണ് പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. ഇതിനുവേി നോർക്കാ റൂട്ട്സിന്റെ www.norkaroots.net എന്ന വെബ്സൈറ്റിലെ NDPREM - Rehabiliation Scheme for Return NRK-s എന്ന ലിങ്കിൽ പ്രവേശിച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യണം. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ശേഷം വായ്പാ അപേക്ഷാ ഫോറം ലഭിക്കുന്നതിന് നോർക്കാ റൂട്ട്സിൽ നിന്നും ലഭിക്കുന്ന ശുപാർശ കത്ത് സഹിതം കോർപ്പറേഷന്റെ ജില്ലാ, ഉപജില്ലാ ഓഫീസുകളെ സമീപിക്കാം. കൂടുതൽ വിവരങ്ങൾക്ക് (www.ksbcdc.com) സന്ദർശിക്കുക.

# തൊഴിൽ രഹിത വേതനം

പിലിക്കോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിത വേതനം കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് ഇന്ന്(27) രാവിലെ 11 മണി മുതൽ മൂന്നുവരെ വിതരണം ചെയ്യും. ആവശ്യമായ രേഖകൾ സഹിതം പഞ്ചായത്ത് ഓഫീസിൽ ഹാജരായി വേതനം കൈപ്പറ്റണമെന്ന് സെക്രട്ടറി അറിയിച്ചു.

**(അവസാനിച്ചു)**